# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4375 17.12.2014 ൽ മറുപടിക്ക്**

**പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കനദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ**

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് :<br>ഡോ.എൻ.ജയരാജ് :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതികൾ ഏതെല്ലാമാണ് ; | (എ) | പൊതുജനാരോഗ്യ സംരക്ഷണത്തിന് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും , നടപ്പിലാക്കുന്നതും. ഇതിൽ പകർച്ചവ്യാധി നിരീക്ഷണത്തിനും പ്രതിരോധത്തിനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടാൽ അത് നിയന്ത്രിക്കുവാനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതു കൂടാതെ ജീവിതശൈലിരോഗ നിയന്ത്രണ പരിപാടിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പബ്ലിക്ക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പകർച്ചവ്യാധികളും ജീവിതശൈലി രോഗങ്ങളും നിയന്ത്രണ വിധേയമാകുന്നതിനുതകുന്ന എന്തെല്ലാം പരിപാടികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളായ സംയോജിത രോഗപര്യവേഷണ പരിപാടി (IDSP),ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി (NVBDCP),നിയന്ത്രണ- ഓറൽ റീഹൈഡ്രേഷൻ തെറാപി പരിപാടി തുടങ്ങിയവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷവും തുടർന്നും നടപ്പാക്കി വരുന്നു. 2012-ൽ 'സാമഗ്ര' എന്നപേരിൽ രോഗപ്രതിരോധ പരിപാടി ഈ സർക്കാർ നടപ്പാക്കിയിരുന്നു. ഇതിൽ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലിരോഗ നിയന്ത്രണവും ഉൾപ്പെടുത്തിയിരുന്നു. 2013-ൽ പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ചിട്ടയായി ഇതരവകുപ്പുകളുമായി ഒത്തുചേർന്ന് നടപ്പിലാക്കി. അതേ വർഷം ജീവിതശൈലിരോഗ നിയന്ത്രണ പരിപാടി തുടരുകയുണ്ടായി. 2014-ൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല ആക്ഷണബിൾ പോയിന്റുകൾ ഉൾപ്പെടുത്തിയുള്ള പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ മാർഗരേഖ ആരോഗ്യ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ജീവിതശൈലിരോഗ നിയന്ത്രണ പരിപാടി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് വേണ്ടി ' അമൃതം ആരോഗ്യം പദ്ധതി' , 'LEAP' (ലൈഫ് |

| | | | |
|---|---|---|---|
| | | | സ്റ്റയിൽ എഡ്യൂക്കേഷൻ & അവേർനസ് പ്രോഗ്രാം), 'SHAPE' പദ്ധതി ( സിസ്റ്റമാറ്റിക്ക് ഹെൽത്ത് അസസ്സ്മെന്റ് ഫോർ പോലീസ് പേർസണൽ പദ്ധതി) തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ രംഗം നേരിടുന്ന വെല്ലുവിളികൾ മുൻകൂട്ടി കാണുന്നതിനും നേരിടുന്നതിനും ഉപകരിക്കുന്ന വിധത്തിൽ ഒരു ഏജൻസി രൂപവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ്, സാമൂഹ്യനീതി, കൃഷി, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അത്യാവശ്യമാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനം വിവിധ തലങ്ങളിൽ ഏകോപിപ്പിച്ച് നടപ്പിൽവരുത്തുന്നതിനായി ഒരു പൊതുജനാരോഗ്യ സുരക്ഷാ സമിതി (Public Health Protection Agency) രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Health & Family Welfare Department – Implementation of Public Health Protection Agency – Committee for forming proposal - Constituted - Orders Issued.

**HEALTH & FAMILY WELFARE (P) DEPARTMENT**

**G.O.(Rt) No. 3745/14/H&FWD Dated, Thiruvananthapuram, 19 .11.2014.**

Read: 1. G.O.(Rt) No. 4103/13/H&FWD dated 10.12.2013..
2. G.O.(Rt) No. 2398/14/H&FWD dated 16.07.2014.

**ORDER**

As per the Government orders read above Administrative Sanction was accorded for an amount of Rs. 20 crores ( Rs. 10 crore each) for the implementation of the Scheme Public Health Protection Agency during 2013-14 and 2014-15 and the same was transfer credited to NRHM for implementing the scheme. The main aim of this scheme is to improve the quality of health care and reduce the cost of health care. A one day National Symposium had been organised on 28th October 2014 on " Public Health Interventions – the need for convergence". It was decided to prepare a proposal for establishing Public Health Protection Agency and to constitute a committee to prepare the proposal for forming Public Health Protection Agency in the State.

2. Government have examined the matter in detail and are pleased to constitute a committee to prepare the proposal for forming Public Health Protection Agency in the State with the following members.

1. Sri. Minhaj Alam, State Mission Director, National Health Mission, Thiruvananthapuram.
2. Dr. M.Beena, Special Secretary (Health)
3. Dr. V. Geetha, Director of Medical Education, Thiruvananthapuram.
4. Dr. P.K.Jameela, Director of Health Services,
5. Dr. Anitha Jacob, Director of Indian System of Medicine
6. Dr. K. Jamuna, Director of Homoeopathy
7. Prof. Ramankutty, SCTIMST
8. Dr. Dilip Kumar, Entamologist (Retd)
9. Dr. C.K.Jagadeesan, Asst. Director (Public Health)
10. Sri. B. Arun Nair, Deputy Director, SHSRC

3. The Committee will submit its first report within four weeks.

By Order of the Governor,
Dr.K.ELLANGOVAN
SECRETARY TO GOVERNMENT

To

1. Sri. Minhaj Alam, State Mission Director, National Health Mission, Thiruvananthapuram.
2. Dr. M.Beena, Special Secretary (Health)
3. Dr. V. Geetha, Director of Medical Education, Thiruvananthapuram.
4. Dr. P.K.Jameela, Director of Health Services, Thiruvananthapuram
5. Dr. Anitha Jacob, Director of Indian System of Medicine, Thiruvananthapuram
6. Dr. K. Jamuna, Director of Homoeopathy, Thiruvananthapuram
7. Prof. Ramankutty, SCTIMST
8. Dr. Dilip Kumar, Entamologist (Retd)
9. Dr. C.K.Jagadeesan, Asst. Director (Public Health)
10. Sri. B. Arun Nair, Deputy Director, SHSRC
11. Stock File / OC

Copy to- Minister (Health,& Devaswom)
P. A to Secretary (Health)
C.A Additional Secretary (Health)

Forwarded/By Order

Section Officer

Section Officer